**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 773** 11.07.2016- ൽ മറുപടിക്ക്

**മുടപ്പല്ലൂർ മംഗലം ഡാം റോഡ്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മുടപ്പല്ലൂർ മംഗലംഡാം റോഡിന്റെ നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) 14.7.2009 ന് 525 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ; (സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ സ്തംഭനാവസ്ഥ തീർക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ -ൽ ഉൾപ്പെടുത്തി 525 ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് 532 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. ഏബിൾ ഗ്രൂപ്പ് ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തെ രണ്ടു തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ 24.01.2014-ന് നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്ന് നീക്കം ചെയ്യുകയുണ്ടായി. ബാക്കി പ്രവൃത്തിക്ക് 3 തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും വളരെ കൂടിയ നിരക്കിലുള്ള ദർഘാസുകൾ മാത്രമാണ് ലഭ്യമായത്. 15.03.2016-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചപ്പോൾ 3 ദർഘാസുകൾ |

ലഭിക്കുകയുണ്ടായി. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ 78.90% അധിക നിരക്കിലുള്ള ദർഘാസ്, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരിശോധിച്ചു വരുന്നതേയുള്ളൂ.

സെക്ഷൻ ഓഫീസർ